കുടിവെള്ള വില്പന മാഫിയ

200 (901) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വില്പന മാഫിയക്ക് സഹായകമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ പല സ്ഥലങ്ങളിൽ പൈപ്പിലൂടെയുള്ള ശുദ്ധജല വിതരണം ദിവസങ്ങളോളം മുടക്കുന്നതായ ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജല വിതരണം നടത്തുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ടി വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ പരിഹരിക്കുകയും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ചെയ്യാറുണ്ട്. സ്രോതസ്സ് മുതൽ വിതരണം വരെയുള്ള എല്ലാ സംവിധാനങ്ങളും നിരന്തരം നിരീക്ഷിക്കുകയും ഇത് തടസ്സമില്ലാതെ പ്രവർത്തനക്ഷമമാക്കുന്നതിന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട സ്കീമുകളിൽ പ്രിവന്റീവ് മെയിന്റനൻസും നടത്തിവരുന്നു.

കുടിവെള്ള കണക്ഷൻ

201 (902) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പ് കണക്ഷന് അപേക്ഷ നൽകുന്ന സാധാരണക്കാരന് വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥരിൽനിന്നും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് പറയാമോ;

(ബി) ഒരു പ്രദേശത്ത് ഒന്നോ രണ്ടോ വ്യക്തികൾക്ക് മാത്രമായി കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് കൂടുതൽ പണം അടയ്ക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(സി) റോഡിന്റെ ഒരു വശത്തുകൂടി പോകുന്ന പൈപ്പ് ലൈൻ റോഡ് ക്രോസ്സ് ചെയ്ത് മറുവശത്തുള്ളവർക്ക് കുടിവെള്ള കണക്ഷൻ നൽകാൻ കഴിയില്ലെന്നും അവരവരുടെ അങ്ങനെ വേണമെങ്കിൽ പൊതുമരാമത്തിന്റെ അനുമതി കക്ഷികൾ വാങ്ങി നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബുദ്ധിമുട്ടുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗാർഹിക ആവശ്യത്തിനുള്ള കണക്ഷനുകൾ നൽകുന്നതിന്റെ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് 16-7-2013-ൽ ഉത്തരവായിട്ടുണ്ട്.

(ബി) അങ്ങനെയൊരു ഉത്തരവ് നിലവിലില്ല. നിലവിലുള്ള പൈപ്പ് കണക്ഷനെടുക്കുന്ന വ്യക്തിയുടെ മീറ്റർ പോയിന്റും തമ്മിലുള്ള ദൂരത്തിനനുസരിച്ച് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക അപേക്ഷകൻ അടയ്ക്കേണ്ടതും സ്വന്തം ചെലവിൽ കണക്ഷൻ വർക്കുകൾ ചെയ്യേണ്ടതുമാണ്. കൂടുതൽ അപേക്ഷകർ ഒരു പ്രദേശത്ത് ഉണ്ടെങ്കിൽ ആവശ്യമായ പൈപ്പിന്റേയും മറ്റും വിലയുൾപ്പെടെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്റ്റീറ്റ് മെയിൻ എക്സ്റ്റൻഷൻ പദ്ധതിയിലുൾപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്ത് പുതുതായി കണക്ഷൻ എക്സ്റ്റന്റ് ചെയ്ത് കണക്ഷൻ കൊടുത്തുവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ക്രോസ് ചെയ്ത് കണക്ഷൻ നൽകുവാൻ വകുപ്പിന്റെ അനുമതി ആവശ്യമാണ്. അത് കണക്ഷൻ അപേക്ഷിക്കുന്ന വ്യക്തി സ്വന്തം ചെലവിൽ വാങ്ങേണ്ടതും അത് ലഭിക്കുന്ന മുറയ്ക്ക് റോഡ് കട്ട് ചെയ്ത് കണക്ഷൻ എടുക്കുവാൻ അനുവദിക്കുകയുമാണ് ചെയ്തുവരുന്നത്. ഇതിന്റെ പ്രായോഗിക ബുദ്ധിമുട്ടും കാലതാമസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക

202 (903) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേൽക്കുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ കേന്ദ്ര/സംസ്ഥാന/അർദ്ധ/സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര കുടിശ്ശികയാണ് പ്രസ്തുത സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ കേരള വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധി നേരിടുകയാണോ; വിശദാംശം വ്യക്തമാക്കുമോ; പ്രതിമാസ ശരാശരി വരവ് ചെലവ് കണക്കുകൾ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഡി) വരവ്, ചെലവ് കണക്കുകൾ സംബന്ധിച്ച വ്യതിയാനം സംഭവിച്ചതിന്റെ കാരണവും ഭരണനിർവ്വഹണം കാര്യക്ഷമമാക്കാനും കുടിശ്ശിക പിരിച്ചെടുക്കാനും, ഗാർഹിക വാട്ടർ ബില്ലിലെ വർദ്ധനവ് അനുവഴി ഒഴിവാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly